(സി) പുതുക്കിയ പാഠ്യപദ്ധതി, ഡി.പി.ഇ.പി., സർവ്വശിക്ഷാ അഭിയാൻ എന്നീ പാഠ്യപദ്ധതികൾപ്രകാരം ഗ്രേഡിംഗിനും ഇവാല്യൂവേഷനും പ്രായോഗിക പരിശീലനത്തിനും മറ്റും കൂടുതൽ സമയം ചെലവഴിക്കേണ്ടി വരുന്നതുമൂലവും ഓരോ വിദ്യാർത്ഥിയിലും വ്യക്തിപരമായ ശ്രദ്ധ ചെലുത്തേണ്ടതുകൊണ്ടും അദ്ധ്യാപകരുടെ ജോലിഭാരം വർദ്ധിച്ചിരിക്കുകയാണെന്ന പരാതി സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ഡി) അദ്ധ്യാപകരുടെ ജോലിഭാരം കൂടുന്നത് കണക്കിലെടുത്ത് അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1:45.

(ബി) ഉണ്ട്.

(സി) പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സർക്കാരിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ പരിഗണിക്കാൻ നിർവാഹമില്ല.

2000-2001 മുതൽ പ്രവർത്തിക്കുന്ന കാലയളവിലെ സ്കൂളുകൾ

118 [736] ശ്രീ. എൻ. ഡി. അപ്പച്ചൻ:
,, ടി. വി. ചന്ദ്രമോഹൻ:
,, കെ. എ. ചന്ദ്രൻ:
,, എം. പി. ഗംഗാധരൻ:
,, എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000-2001 മുതൽ ഓരോ വർഷവും ഗവൺമെന്റ് സ്കൂളുകൾ, എയ്ഡഡ് സ്കൂളുകൾ, റെക്കഗ്നൈസ്ഡ് സ്കൂളുകൾ, അംഗീകാരമില്ലാത്തതും കുട്ടികളെ പഠിപ്പിച്ച് മറ്റു സ്കൂളുകളിൽ പരീക്ഷയ്ക്കിരുത്തുന്നതുമായ സ്വകാര്യ സ്കൂളുകൾ എന്നിവയിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ ഓരോ വർഷവും മുകളിൽ പറഞ്ഞ ഗണങ്ങളിൽപ്പെടുന്ന എത്ര സ്കൂളുകൾ വീതമുണ്ടായിരുന്നു;

(സി) ഈ കാലയളവിൽ കുട്ടികളുടെ എണ്ണം കുറവായിരുന്നെങ്കിലും സ്കൂളുകളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഈ കാലയളവിൽ എത്ര പുതിയ സ്കൂളുകൾ ഉണ്ടായി എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഗവൺമെന്റ്, എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകളിലെ വിവരം താഴെ ചേർക്കുന്നു: അംഗീകാരമില്ലാത്ത സ്കൂളുകളുടെ വിവരം ലഭ്യമല്ല.

വർഷം	ഗവൺമെന്റ്	എയ്ഡഡ്	അൺഎയ്ഡഡ്
(1)	(2)	(3)	(4)
2000-2001	1842062	3119463	257527
2001-2002	1770883	3068083	263072
2002-2003	1708358	3028989	264414
2003-2004	1628591	2995785	*

(ബി) സ്കൂളുകളുടെ വിവരം താഴെ ചേർക്കുന്നു:

വർഷം	ഗവൺമെന്റ്	എയ്ഡഡ്	അൺഎയിഡഡ്
(1)	(2)	(3)	(4)
2000-2001	4510	7320	500
2001-2002	4511	7320	500
2002-2003	4492	7282	497
2003-2004	4488	7288	*

(സി. ഡി) ഈ കാലയളവിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടില്ല. എന്നാൽ അൺഎയ്ഡഡ് മേഖലയിൽ അപ്ഗ്രഡേഷൻ ഉൾപ്പെടെ 484 സ്കൂളുകൾക്കും സർക്കാർ/എയ്ഡഡ് മേഖലയിൽ 13 സ്കൂളുകൾക്കും അംഗീകാരം നൽകിയിട്ടുണ്ട്.

ഹൈസ്കൂൾ ഇല്ലാത്ത പഞ്ചായത്തുകൾ

119 [737] ശ്രീ. സി. മമ്മൂട്ടി:
,, പി. കെ. കെ. ബാവ:
,, കെ. എൻ. എ. ഖാദർ:
,, പി. കെ. അബ്ദുറബ്ബ്:
,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഹൈസ്കൂൾ ഇല്ലാത്ത പഞ്ചായത്തുകൾ നിലവിലുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ ജില്ലകളിൽ ഏതൊക്കെ പഞ്ചായത്തുകളിലാണെന്ന് വ്യക്തമാക്കുമോ;

* 26-2-2004-ലെ സ.ഉ. (പി) നം. 69/2004/പൊ.വി. പ്രകാരം അനുവാദം, അപ്ഗ്രഡേഷൻ, അംഗീകാരം എന്നിങ്ങനെയായി 484 സ്കൂളുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. 2003-2004-ലെ അൺഎയ്ഡഡ് വിഭാഗം സ്കൂളുകളുടെയും കുട്ടികളുടെയും കൃത്യമായ എണ്ണം ശേഖരിച്ച് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly